**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 3945

21/10/2016 - ൽ മറുപടിക്ക്.

**ഭവനശ്രീ വായ്പ പദ്ധതി**

| **ചോദ്യം**<br>ശ്രീ. എ.എം. ആരിഫ് | **ഉത്തരം**<br>ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയം ഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ഭവനശ്രീ വായ്പ പദ്ധതി പ്രകാരം ഉറവൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ മുഖേന വായ്പയെടുത്തവരുടെ ഭവന വായ്പ കുടിശ്ശിക എഴുതി തള്ളിയതിന്റെ പശ്ചാത്തലത്തിൽ, ഇൻഡ്യൻ ബാങ്ക് മുഖേന വായ്പയെടുത്ത എത്ര പേർക്ക് പ്രമാണങ്ങൾ തിരിച്ചു നൽകിയിട്ടുണ്ട്; ഇനി 16 പേരുടെ പ്രമാണങ്ങൾ കൂടി തിരിച്ചു കൊടുക്കുവാനുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉറവൂർ ഗ്രാമപഞ്ചായത്തിൽ ഇൻഡ്യൻ ബാങ്ക് മുഖേന ഭവനശ്രീ വായ്പ ലഭ്യമാക്കിയിട്ടില്ല. ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്നാണ് ഭവനശ്രീ വായ്പകൾ എടുത്തിരിക്കുന്നത്. 144 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകിയിട്ടുണ്ട്. ഇനി 18 പേർക്ക് പ്രമാണങ്ങൾ തിരികെ നൽകുവാനുണ്ട്. |
| (ബി) വർഷങ്ങളായി പ്രമാണങ്ങൾ തിരിച്ചു കിട്ടാതെ വിഷമിക്കുന്ന ഇവരുടെ പ്രമാണങ്ങൾ തിരിച്ചു നൽകുന്നതിന് സത്വരനടപടി സ്വീകരിക്കുമോ? | (ബി) വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ